**കവർസ്റ്റോറി ●**

മജീദ് സഊദ്

# യൂറോപ്പിലെ ഇസ്‌ലാമിനു വേണ്ടി
## താരിഖ് റമദാന്റെ അന്വേഷണങ്ങൾ


■ താരിഖ് റമദാൻ

**ഇരുപത്തിയൊന്നാം** നൂറ്റാണ്ടിലെ നൂറ് പ്രമുഖ വ്യക്തിത്വങ്ങളിലൊരാൾ എന്ന് *ടൈം* വാരിക. ലോകത്തിന്റെ ആത്മീയ നേതൃത്വം ഏറ്റെടുക്കാൻ പ്രാപ്തിയുള്ളയാൾ. 'സ്വാലൂൻ' എന്ന വെബ്സൈറ്റിൽ വിശേഷിപ്പിക്കുന്നത് മുസ്‌ലിംകളുടെ മാർട്ടിൻ ലൂഥർ എന്ന്. ജനീവയിലെ പത്ത് പ്രമുഖ വ്യക്തിത്വങ്ങളിലൊരാൾ എന്ന് 1990–ൽ പ്രസിദ്ധീകരിച്ച സർവേയിൽ ഒരു സ്വിറ്റ്സർലന്റ് പത്രം. ആൾ മറ്റാരുമല്ല, താരിഖ് റമദാൻ. സ്വിറ്റ്സർലന്റിലെ ഫ്രീബർഗ് സർവകലാശാലയിലും ജനീവ കോളേജിലും തത്ത്വശാസ്ത്രവും ഇസ്‌ലാമിക വിഷയങ്ങളും പഠിപ്പിക്കുന്ന പ്രഫസർ. പടിഞ്ഞാറൻ നാടുകളിലെ, പ്രത്യേകിച്ച് യൂറോപ്പിലെ ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും ഭാവിയെയും വർത്തമാനത്തെയും കുറിച്ച് ഏറ്റവും ശ്രദ്ധേയമായ നിരീക്ഷണങ്ങൾ നടത്തിയിട്ടുള്ള എഴുത്തുകാരൻ.

1962 ആഗസ്റ്റ് 26–ന് സ്വിറ്റ്സർലന്റിലാണ് താരിഖിന്റെ ജനനം. സൽഗുണ സമ്പന്നമായ ഒരു കുടുംബത്തിൽ. ഇമാം ശഹീദ് ഹസനുൽ ബന്നായുടെ പേരക്കുട്ടിയായിട്ട്. പിതാവും അതിപ്രശസ്തൻ. ഡോ. സഊദ് റമദാൻ. 1995–ൽ മരിക്കുന്നത് വരെ യൂറോപ്പിലെ മുസ്‌ലിം സമൂഹത്തിന് നേതൃത്വം നൽകിയ പ്രമുഖരിലൊരാൾ. തന്റെ കുടുംബം സ്വിറ്റ്സർലന്റിൽ എത്തിപ്പെട്ടതിനെക്കുറിച്ച് താരിഖ് റമദാൻ: "ഈജിപ്തിൽ ഇഖ്‌വാനികൾക്കെതിരെ ആദ്യ അറസ്റ്റുകൾ നടക്കുന്ന കാലം. എന്റെ പിതാവും അറസ്റ്റ് ചെയ്യപ്പെട്ടു, മൂന്ന് മാസത്തേക്ക്. വിട്ടയക്കപ്പെട്ട ശേഷം 1954 ഏപ്രിലിൽ അദ്ദേഹം ഈജിപ്ത് വിട്ടുപോയിരുന്നു. ആയിട

ക്കാണ് ഖുദ്സ് സംരക്ഷണത്തിനുള്ള ഒരു ആഗോളവേദിയുടെ ജനറൽ സെക്രട്ടറിയായി അദ്ദേഹം നിയമിക്കപ്പെടുന്നത്. സ്ഥാനമേൽക്കുന്നതിനായി ഈജിപ്തിലേക്ക് തിരിച്ചുവരാൻ നോക്കുമ്പോഴാണ് ജമാൽ അബ്ദുന്നാസിർ ഇഖ്‌വാനോടുള്ള തന്റെ നിലപാട് കർക്കശമാക്കുന്നത്. വീണ്ടും അറസ്റ്റുകൾ. ഈജിപ്തിൽ തങ്ങാൻ നിവൃത്തിയില്ലെന്ന് വന്നു. അങ്ങനെ അദ്ദേഹം എന്റെ മാതാവിനെയും വലിയ സഹോദരനെയും കൂട്ടി ഈജിപ്തിനോട് വിടപറഞ്ഞു. ആദ്യം സിറിയയിലേക്കാണ് പോയത്. അവിടെ രണ്ടു വർഷം തങ്ങി. പിന്നെ ലബനാനിലേക്ക്. സ്വിറ്റ്സർലന്റിൽ എത്തുന്നത് 1958–ൽ. അവിടെ സ്ഥിരതാമസമായി. 1961–ൽ അദ്ദേഹം ജനീവയിൽ ഇസ്‌ലാമിക് സെന്റർ സ്ഥാപിച്ചു."

വീട്ടിനകത്തും പുറത്തും തീർത്തും ഇസ്‌ലാമികമായ ചുറ്റുപാടിലാണ് താരിഖ് വളർന്നത്. "ഇഖ്‌വാന്റെ പ്രവാസി ഘടകത്തിന് രൂപം നൽകിയപ്പോൾ എന്റെ പിതാവിനായിരുന്നു അതിന്റെ ചുമതല. അങ്ങനെ ജനനം മുതൽക്കേ യൂറോപ്പിൽ ജീവിക്കുന്ന മുസ്‌ലിംകളുടെ സംസാരങ്ങളും ചിന്തകളും കേട്ടു കേട്ടാണ് ഞാൻ വളർന്നത്. മുസ്‌ലിം ലോകത്തെ വിഷയങ്ങൾ മാത്രമാണ് അവർ ചർച്ച ചെയ്തിരുന്നതെങ്കിലും."

## പിതാമഹന്റെയും മാതാപിതാക്കളുടെയും സ്വാധീനം

പിതാമഹന്റെ കരിസ്മാറ്റിക് വ്യക്തിപ്രഭാവം താരിഖിന്റെ വീട്ടിലെ നിറസാന്നിധ്യമായിരുന്നു. മാതാപിതാക്കൾ ഇരുവരും ആ വ്യക്തിപ്രഭാവത്താൽ പൂർണമായും സ്വാധീനിക്കപ്പെട്ടവർ. പരോക്ഷമായി ആ സ്വാധീനം താരിഖ് റമദാനിലും എത്തുന്നു. മറ്റെന്തിനേക്കാളും തന്റെ വ്യക്തിത്വത്തെ രൂപപ്പെടുത്തിയത് ആ പിതാമഹനാണെന്ന് താരിഖ് പറയും. "എന്റെ കുട്ടിക്കാലത്തുടനീളം, രക്തസാക്ഷിയായ എന്റെ പിതാമഹൻ– ഇമാം ഹസനുൽ ബന്നാ– എനിക്കൊപ്പം ഉണ്ടായിരുന്നു. ഞാൻ കണ്ടുമുട്ടുന്നവരൊക്കെ ബഹുമാനാദരവുകളോടെ അദ്ദേഹത്തെക്കുറിച്ച് പറഞ്ഞുകൊണ്ടേയിരിക്കും. അദ്ദേഹത്തിന്റെ മകളുടെ ഭർത്താവാണ് എന്റെ പിതാവ്. നമ്മുടെ കാലത്തെ ഏറ്റവും തലയെടുപ്പുള്ള ഇസ്‌ലാമിക പരിഷ്കർത്താവ് എന്നാണ് പിതാവ് അദ്ദേഹത്തെ വിശേഷിപ്പിച്ചിരുന്നത്. തന്റെ ചുറ്റുമുള്ളവരിൽ, പ്രത്യേകിച്ച് എന്റെ പിതാവിൽ ഇമാം ബന്നാ ചെലുത്തിയ സ്വാധീനം അതിശയകരമായിരുന്നു... ഇമാം ബന്നായുടെ ചിന്തകളും ഓർമകളും നിറയാത്ത ഒരു ദിവസവും വീട്ടിൽ കടന്നുപോകുമായിരുന്നില്ല. ആ മഹിത പാരമ്പര്യത്തെ ഏറ്റവും ആഴത്തിൽ നെഞ്ചേറ്റിയിരുന്നു എന്റെ മാതാവ്. ഇമാം ബന്നായുടെ മൂത്ത മകളായിരുന്നു അവർ. പതിനഞ്ചര വർഷം അവർ പിതാവുമായി അടുത്തിടപഴകി ജീവിച്ചിട്ടുണ്ട്. അദ്ദേഹത്തിൽനിന്ന് പ്രസരിച്ച ആത്മീയ പ്രകാശമായിരുന്നു അവരെ ഏറെ സ്വാധീനിച്ചത്. ഒരു മനുഷ്യൻ എന്ന നിലക്കും പിതാവ് എന്ന നിലക്കും എന്റെ പിതാമഹനുണ്ടായിരുന്ന സവിശേഷ ഗുണങ്ങൾ അടുത്തറിയാൻ ഇതെനിക്ക് അവസരമൊരുക്കി."

പിതാമഹനും പിതാവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച്. "ഈജിപ്തിൽ എല്ലാവരും എന്റെ പിതാവിനെ വിളിച്ചിരുന്നത് ഹസനുൽ ബന്നാ ജൂനിയർ എന്നായിരുന്നു. ഈജിപ്തിലെ വിദൂര പ്രവിശ്യകളിലേക്ക് പ്രസംഗിക്കാനും മറ്റുമായി ഇമാം ബന്നാ അദ്ദേഹത്തെ പറഞ്ഞയക്കാറുണ്ടായിരുന്നു. അപ്പോൾ അദ്ദേഹത്തിന്റെ പ്രായം പതിനാറ് കഴിഞ്ഞിരുന്നില്ല എന്നോർക്കണം. എന്റെ മുമ്പിലുണ്ടായിരുന്ന പിതാവ് എന്ന മനുഷ്യനെക്കുറിച്ച് ഒറ്റവാക്കിൽ ഇങ്ങനെ സംഗ്രഹിക്കാം: അസാധാരണ ബുദ്ധിവൈഭവമുള്ള വ്യക്തി."

തന്നെ പിതാമഹൻ എങ്ങനെ സ്വാധീനിച്ചുവെന്നും താരിഖ് തുറന്നെഴുതിയിട്ടുണ്ട്. "ഞാൻ ആഴത്തിൽ ഹസനുൽ ബന്നായുടെ ചിന്തകളെ പഠിച്ചു. എനിക്ക് അദ്ദേഹത്തോടുള്ള ചായ്‌വ് ഞാനൊരിക്കലും മറച്ചുവെച്ചിട്ടില്ല. അദ്ദേഹത്തിന്റെ ആത്മീയത, സൂഫിയത, വ്യക്തിത്വം, നിയമത്തെയും രാഷ്ട്രീയത്തെയും സമൂഹത്തെയും ബഹുസ്വരതയെയും കുറിച്ച നിരൂപണാത്മക നിരീക്ഷണങ്ങൾ ഇതൊക്കെ എന്റെ ഹൃദയത്തെയും ബുദ്ധിയെയും മൗലികമായിത്തന്നെ സ്വാധീനിക്കുന്നു. അദ്ദേഹത്തിന്റെ ആശയപ്രതിബദ്ധത ഇന്നും എന്നിൽ അത്ഭുതാദരങ്ങൾ ജനിപ്പിക്കുന്നു. ഈ ചിന്തയോട്, ഈ പ്രതിബദ്ധതയോട് തൊട്ടടുത്ത് തന്നെയല്ലേ ഞാനും എന്നെനിക്ക് അനുഭവപ്പെടുന്നു. അല്ലാഹുവുമായുള്ള അടുപ്പം, ദൈവികാധ്യാപനങ്ങൾക്കൊത്ത സമർപ്പിത ജീവിതം, അറിവ് പകർന്നു നൽകുന്നതിന് വിദ്യാലയങ്ങളുടെ സ്ഥാപനം, മുഴുവൻ മനുഷ്യരോടുമുള്ള ഐക്യദാർഢ്യം, സാമൂഹിക നീതിക്ക് വേണ്ടിയുള്ള പോരാട്ടം– ഇതെല്ലാം ആ പാരമ്പര്യത്തിൽനിന്ന് ഞാൻ കണ്ടെടുത്തതാണ്. എന്റെ ചിന്താപരവും ആത്മീയവുമായ ഭൂമിക രൂപപ്പെടുത്തിയതും ആ ചിന്തകൾ തന്നെ."

## പഠനം, ഇടപെടൽ

താരിഖിന്റെ ആദ്യ പഠനം ജനീവയിലെ ഒരു ഫ്രഞ്ച് സ്കൂളിലായിരുന്നു. ജനീവ യൂനിവേ










ഴ്സിറ്റിയിൽ പഠിക്കുമ്പോൾ തത്ത്വശാസ്ത്രവും സാഹിത്യവും സാമൂഹിക ശാസ്ത്രങ്ങളുമായിരുന്നു മുഖ്യ വിഷയങ്ങൾ. ഫ്രഞ്ച് സാഹിത്യത്തിലും തത്ത്വശാസ്ത്രത്തിലും ആഴത്തിൽ വ്യുൽപത്തി നേടി. 'ഫ്രെഡറിക് നിഷെ, തത്ത്വശാസ്ത്രത്തിന്റെ ചരിത്രകാരൻ' എന്ന വിഷയത്തിലായിരുന്നു ഡോക്ടറേറ്റ്. കയ്റോവിലെ അൽ അസ്ഹർ യൂനിവേഴ്സിറ്റിയിൽ നിന്നാണ് അറബിയും ഇസ്‌ലാമിക വിഷയങ്ങളും പഠിച്ചത്. ജനീവയിലെ സ്കൂളുകളിൽ നിരവധി വർഷം അദ്ദേഹം ഫ്രഞ്ച് സാഹിത്യം പഠിപ്പിച്ചിരുന്നു. ഒരു ഹൈസ്കൂളിന്റെ മേധാവിയായിരുന്നിട്ടുമുണ്ട്. അപ്പോൾ അദ്ദേഹത്തിന് 25 വയസ്സേ ആയിട്ടുള്ളൂ. 1996 മുതൽ 2003 വരെ ഫ്രീബർഗ് യൂനിവേഴ്സിറ്റിയിൽ ലക്ചററായിരുന്നു. 2005–ൽ ഓക്സ്ഫോർഡ് യൂനിവേഴ്സിറ്റിയിലെ സെന്റ് ആന്റണി കോളേജിൽ മത–തത്ത്വശാസ്ത്ര വിഭാഗത്തിൽ വിസിറ്റിംഗ് പ്രഫസറായി. ഇതിനിടക്കാണ് അമേരിക്കയിലെ ഇന്ത്യാന സംസ്ഥാനത്ത് നോത്രദാം യൂനിവേഴ്സിറ്റിയിലേക്ക് വിസിറ്റിംഗ് പ്രഫസറായി ക്ഷണമുണ്ടാവുന്നത്. ഭീകര സംഘടനക്ക് സംഭാവന നൽകി എന്നാരോപിച്ച് ബുഷ് ഭരണകൂടം അദ്ദേഹത്തിന്റെ വിസ കാൻസൽ ചെയ്തു. ഒട്ടേറെ നിയമപ്പോരാട്ടങ്ങൾക്ക് ശേഷം 2010–ൽ മാത്രമാണ് അമേരിക്കൻ ഭരണകൂടം താരിഖിന് പ്രവേശനാനുമതി നൽകിയത്.

കേവല അക്കാദമിക ജീവിയല്ല താരിഖ് റമദാൻ. പൊതു സാമൂഹിക പ്രശ്നങ്ങളിൽ മതവും തരവും നോക്കാതെ സജീവമായി ഇടപെടുന്നു. മൂന്നാം ലോക ജനസമൂഹങ്ങളുടെ പ്രശ്നങ്ങളിലാണ് അദ്ദേഹം കാര്യമായി ശ്രദ്ധിച്ചത്. പ്രാന്തവത്കരിക്കപ്പെട്ടുപോയ കുടിയേറ്റ സമൂഹങ്ങൾക്ക് ജനീവയിൽ തൊള്ളായിരത്തി എൺപതുകളിൽ അദ്ദേഹം സ്കൂളുകൾ സ്ഥാപിക്കുന്നത് ഇതിന്റെ ഭാഗമായാണ്. സമാന ചിന്താഗതിയുള്ള ലോകത്തെ നിരവധി കൂട്ടായ്മകളുമായി അദ്ദേഹം ബന്ധം സ്ഥാപിക്കുകയും ചെയ്തു. Quart-monde, Doctors without Borders തുടങ്ങിയ സന്നദ്ധ സേവന സംഘങ്ങളുമായി സഹകരിച്ച് പ്രവർത്തിച്ചു. ഒരു ക്രൈസ്തവ പുരോഹിത കൂട്ടായ്മയിൽ ഭാഗഭാക്കാകാൻ ലാറ്റിൻ അമേരിക്ക സന്ദർശിച്ചിരുന്നു. സേവനപ്രവർത്തനങ്ങളുടെ ഭാഗമായി ആഫ്രിക്കയിലും ഇന്ത്യയിലും അദ്ദേഹം പര്യടനം നടത്തിയിട്ടുണ്ട്. ഈ കാലത്തെക്കുറിച്ച് താരിഖ് റമദാൻ: "പിന്നെ ഞാനെന്നെ കണ്ടെത്തിയത് ക്രിസ്ത്യാനികളുടെയും മനുഷ്യാവകാശ പ്രവർത്തകരുടെയും സന്ദേഹവാദികളുടെയും നിരീശ്വരവാദികളുടെയും ഇടയിലായിരുന്നു. എന്റെ വഴിയിൽ സ്വിസ് ബിഷപ്പ് പിയറും ഫാദർ ഗിൽബർട്ടും സിസ്റ്റർ എമ്മാനുവേലും മദർ തെരേസയും മറ്റനേകം പേരും കാത്തുനിൽപ്പുണ്ടായിരുന്നു. ഈ ലോകത്തേക്ക് ഞാൻ കടക്കുമ്പോൾ എന്റെ ഭൂതകാലം എനിക്കൊപ്പം തന്നെ ഉണ്ടായിരുന്നു. ഒരു യൂറോപ്യൻ മുസ്‌ലിം എന്ന നിലക്കുള്ള എന്റെ എല്ലാ അഭിസംബോധനകളും ആ പാരമ്പര്യത്തിൽനിന്നും ഇസ്‌ലാമിക സ്രോതസ്സുകളിൽനിന്നും രൂപപ്പെട്ടതായിരുന്നു. അതേസമയം പത്തു വർഷംനീണ്ട ഈ കാലയളവിൽ ഞാൻ ഇടപഴകിയ കാത്തലിക്– പ്രൊട്ടസ്റ്റന്റ് വിഭാഗങ്ങൾ, മനുഷ്യാവകാശ പ്രവർത്തകർ തുടങ്ങിയവരുടെ പ്രവർത്തനങ്ങളുമായി ആ പാരമ്പര്യത്തെ ബന്ധിപ്പിക്കാനും ഞാൻ ശ്രമിച്ചു."

ഈ ഇസ്‌ലാമിക–യൂറോപ്യൻ സ്വത്വങ്ങൾ, യൂറോപ്പിലെ മുസ്‌ലിം കുടിയേറ്റ സമൂഹത്തിൽനിന്നുള്ള ഈ രണ്ടാം തലമുറ യുവ ഇസ്‌ലാമിക ചിന്തകനിൽ വേണ്ട അനുപാതത്തിൽ മേളിക്കുന്നതായി കാണാം. താരിഖിന്റെ പ്രഭാഷണങ്ങളും അഭിമുഖങ്ങളും പുസ്തകങ്ങളും ഈ മേളനത്തിന്റെ

സാക്ഷ്യമാണ്. തന്റെ ഈ പരിഷ്കരണ ചിന്തകൾ ഇമാം ബന്നായുടെ ആശയങ്ങളുടെ ഒരു യൂറോപ്യൻ തുടർച്ചയാണെന്ന് അവകാശപ്പെടുകയും ചെയ്യുന്നു. "താൻ ജീവിച്ച കാലത്തും സമൂഹത്തിലുമാണ് ഇമാം ബന്നാ തന്റെ ചിന്തകൾ രൂപപ്പെടുത്തിയത്. എന്റെ പിതാവിൽനിന്ന് ഞാൻ വളരെ നേരത്തെ പഠിച്ച ഒരു പാഠം, വളരെ നിരൂപണാത്മകമായി വേണം ഒരു നിലപാടിൽ എത്തിച്ചേരാൻ എന്നതാണ്. കാലവും സന്ദർഭവുമായി ബന്ധപ്പെടുത്തി മൗലികവും നിശിതവുമായ ആലോചനകൾ വേണം. ഇമാം ബന്നാ ഉൾപ്പെടെ ഏതൊരു ചിന്തകന്റെയും വീക്ഷണങ്ങൾ വിലയിരുത്തുമ്പോൾ ഞാൻ ഇനിപ്പറയുന്ന അടിസ്ഥാനങ്ങൾ മുറുകെ പിടിക്കാറുണ്ട്: ചിന്തകളെ ആഴത്തിൽ പഠിക്കുക, അവയുടെ സന്ദർഭം നിജപ്പെടുത്തുക, അവയിൽ നമ്മുടെ കാലത്തേക്ക് വേണ്ടത് തെരഞ്ഞെടുക്കുക, അവയെ ഇഴചേർന്നു നിൽക്കുന്ന ഒരാശയമായി വികസിപ്പിക്കുക."

ഇങ്ങനെ വികസിപ്പിച്ചെടുത്ത പരിഷ്കരണ ചിന്തകൾ താരിഖ് റമദാന്റെ നിരവധി കൃതികളിൽ നിങ്ങൾക്ക് കണ്ടെത്താനാവും. അത്തരം കൃതികളിൽ ചിലത്:

1. To Be A European Muslim (1999)
2. Western Muslims and the future of Islam (2004)
3. Islam, the West and challenges of Modernity

താരിഖ് റമദാന്റെ ചിന്തകളെ ന്യൂസ് ഫ്രം ബംഗ്ലാദേശ് (NFB) എന്ന സൈറ്റിൽ ഇങ്ങനെ സംഗ്രഹിച്ചിട്ടുണ്ട്:

* ഇസ്‌ലാമിക ഭൂമികയിൽ നിന്നുകൊണ്ട് പരിഷ്കരണവും നവീകരണവും നാം ആഗ്രഹിക്കുന്നുണ്ടെങ്കിൽ അതിന് ആദ്യമായി വേണ്ടത്, നാം ജീവിക്കുന്ന കാലത്തെയും പരിസരത്തെയും മുമ്പിൽ വെച്ച് ഇസ്‌ലാമിക പ്രമാണങ്ങളെ വായിക്കുക എന്നുള്ളതാണ്. ഇസ്‌ലാമിക പ്രമാണങ്ങളുടെ സാർവലൗകികത അപ്പോഴേ തെളിഞ്ഞു കിട്ടൂ. ചില അധ്യാപനങ്ങൾ ചില പ്രത്യേക സാഹചര്യങ്ങൾ മുമ്പിൽ വെച്ച് വായിക്കേണ്ടതാണെന്നും ബോധ്യമാവും. ഈ വിധത്തിലാണ് പാഠങ്ങളെ (texts) വായിക്കേണ്ടത്. ലോകത്തെ പുനർനിർമിക്കാനാണ് നാം ഇറങ്ങിപ്പുറപ്പെടുന്നതെങ്കിൽ സംഭവലോകത്തെ നാം അടുത്തറിഞ്ഞേ പറ്റൂ. സർവലോകത്തിനും ഉള്ളതാണ് നമ്മുടെ മൂല്യങ്ങൾ എന്നു വരുമ്പോൾ, നമ്മോടൊപ്പം ജീവിക്കുന്ന എല്ലാ മനുഷ്യരുമായും നാം അടുത്ത് ഇടപഴകേണ്ടിവരും.

* ഇസ്‌ലാമിക സ്വത്വത്തെ നിർണയിക്കുമ്പോൾ പാരമ്പര്യത്തെയും ഇസ്‌ലാമിക അധ്യാപനങ്ങളെയും കൂട്ടിക്കുഴക്കുന്ന രീതി കണ്ടുവരുന്നുണ്ട്. യൂറോപ്പിൽ ജീവിക്കുന്ന മുസ്‌ലിംകൾക്ക് കുറെക്കൂടി സ്പഷ്ടമായി ഇവ രണ്ടിനെയും വേർതിരിക്കാനാവും. യൂറോപ്പിലെ മുസ്‌ലിംകൾ ജീവിക്കുന്ന ഒരു സാംസ്കാരിക പരിസരമുണ്ട്. അതിൽനിന്ന് ഇസ്‌ലാമിന്റെ അടിസ്ഥാനങ്ങളുമായി ഏറ്റുമുട്ടാത്ത വശങ്ങൾ ഉൾക്കൊള്ളാൻ അവർ തയാറാകണം. എങ്കിലേ പുതിയ വെല്ലുവിളികളെ അവർക്ക് നേരിടാനാവൂ.

* ലോകത്തെ 'നമ്മൾ' (ദാറുൽ ഇസ്‌ലാം) എന്നും 'അവർ' (ദാറുൽ ഹർബ്/ ദാറുൽ അഹ്ദ്) എന്നും വിഭജിക്കുന്ന പഴയ കാഴ്ചപ്പാടിൽ പുനരാലോചന വേണം. ഇതുപോലുള്ള ഓരോ സംജ്ഞയും അവയുടെ ചരിത്ര പശ്ചാത്തലം വെച്ചു നിരൂപണം ചെയ്യണം. പുതിയ സന്ദർഭത്തിൽ അവ പ്രസക്തമാണോ അല്ലേ എന്നും. ഇതിനെല്ലാം ബദലായി താരിഖ് മുന്നോട്ടു വെക്കുന്നത് 'ദാറുശ്ശഹാദഃ' എന്ന സംജ്ഞയാണ്. ഇസ്‌ലാമിക ദർശനത്തെ ജനസമക്ഷം സമർപ്പിക്കുന്ന വേദിയായി മൊത്തം ലോകത്തെയും കാണുക എന്നതാണ് ഇതിന്റെ വിവക്ഷ.

* ഇസ്‌ലാമിക മൂല്യ സംഹിത ഒരു 'അപരനെ' പ്രതിസ്ഥാനത്ത് പ്രതിഷ്ഠിച്ച് കൊണ്ടുള്ളതല്ല. മുസ്‌ലിംകൾ മുസ്‌ലിംകളായത് അവർ പാശ്ചാത്യരുടെയോ ജൂതന്മാരുടെയോ ക്രിസ്ത്യാനികളുടെയോ മതനിഷേധികളുടെയോ എതിർ ചേരിയിൽ നിൽക്കുന്നവരായതുകൊണ്ടല്ല. സവിശേഷമായ ഒരു ആത്മീയ മൂല്യ സങ്കൽപമാണ് അവരെ മുസ്‌ലിംകളാക്കുന്നത്. ഈ മൂല്യ സങ്കൽപത്തിന്റെ ആഗോളീയത പാശ്ചാത്യ നാടുകളിൽ ജീവിക്കുന്ന മുസ്‌ലിമിന് എളുപ്പം ബോധ്യമാകും. എല്ലാ ദർശനങ്ങളും പങ്കുവെക്കുന്ന പൊതുമൂല്യങ്ങളും അവർക്ക് തിരിച്ചറിയാനാവും.

* ഹസനുൽ ബന്നായോ മറ്റു പരിഷ്കർത്താക്കളോ എത്തിച്ചേർന്ന നിഗമനങ്ങൾ സ്വീകരിക്കുന്നതിന് പകരം, അവരതിന് അവലംബിച്ച രീതിയാണ് താരിഖ് സ്വന്തമാക്കുന്നത്. നമ്മുടെ കൈയിൽ ഖുർആനും സുന്നത്തുമുണ്ട്, നമ്മുടെ സാഹചര്യം മുന്നിൽ വെച്ച് നാമവയെ മനസ്സിലാക്കേണ്ടതുണ്ട് എന്നാണല്ലോ അവരെല്ലാം പറഞ്ഞിരുന്നത്. അവരത് ചെയ്തു കാണിക്കുകയും ചെയ്തു. സാഹ

ചര്യം കൂടി കണക്കിലെടുത്താണ് അവർ പാഠങ്ങളെ മനസ്സിലാക്കിയത്. "യൂറോപ്പിൽ ജീവിക്കുന്ന ഞാൻ അതേ രീതി അവലംബിച്ചുകൊണ്ട് യൂറോപ്യൻ പശ്ചാത്തലത്തിൽ ഇസ്‌ലാമിനെ വായിക്കുന്നു."

ചുരുക്കത്തിൽ, യൂറോപ്യൻ മുസ്‌ലിംകൾ അവരുടെ സമൂഹവുമായി ഇഴുകിച്ചേരണമെന്നാണ് താരിഖ് സമർഥിക്കുന്നത്. ഭൗതികമായും ചിന്താപരമായും കിഴക്കൻ മുസ്‌ലിംകളിൽനിന്നുള്ള ഒരു സ്വാതന്ത്ര്യ പ്രഖ്യാപനം കൂടിയാണിത്. മുസ്‌ലിംകളും ഇതര സമൂഹങ്ങളും പങ്കുവെക്കുന്ന പൊതു മൂല്യങ്ങളിലും മാനവികതയിലുമാണ് അവിടെ ഊന്നൽ. അപരത്വവും ശത്രുതാ മനോഭാവവും അവിടെ തിരസ്കരിക്കപ്പെടുന്നു. ഒരർഥത്തിൽ തന്റെ പുതിയ വായനയിലൂടെ ഒരു 'യൂറോപ്യൻ ഇസ്‌ലാമിന്' വേണ്ടിയാണ് താരിഖ് വാദിക്കുന്നതെന്ന് പറയാം.

താരിഖ് റമദാന്റെ ചിന്തകളെ കൈയടിച്ച് പ്രോത്സാഹിപ്പിക്കുന്നു ഒരു വിഭാഗം. കടുത്ത വിമർശനങ്ങളുമായി മറ്റൊരു വിഭാഗവും രംഗത്തുണ്ട്. അവരിൽ മുസ്‌ലിംകളും അല്ലാത്തവരുമുണ്ട്. 'ഒരു യൂറോപ്യൻ മുസ്‌ലിമാവുക എന്നാൽ' എന്ന തന്റെ പുസ്തകത്തിൽ ഇഖ്ബാൽ സിദ്ദീഖി, താരിഖിന്റേത് കേവലം സിദ്ധാന്ത കസർത്താണെന്ന് ആരോപിക്കുന്നു. യൂറോപ്യൻ മുസ്‌ലിംകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ വസ്തുനിഷ്ഠമായി അപഗ്രഥിക്കാൻ താരിഖിന് കഴിഞ്ഞിട്ടില്ല. "താരിഖ് പറയുന്ന തരത്തിലുള്ള മതസ്വാതന്ത്ര്യമൊന്നും യഥാർഥത്തിൽ യൂറോപ്പിൽ നിലനിൽക്കുന്നില്ല. അങ്ങനെ, സംഭവലോകത്തെ തെറ്റായി വായിക്കുന്നു എന്ന് അദ്ദേഹം മറ്റുള്ളവരെക്കുറിച്ച് നടത്തുന്ന ആരോപണം സ്വന്തം കാര്യത്തിൽ തന്നെ  സത്യമായി പുലരുന്നു." ഇതാണ് ഇഖ്ബാൽ സിദ്ദീഖിയുടെ വിമർശനത്തിന്റെ കാതൽ. ■

(ഇസ്‌ലാം ഓൺ ലൈൻ നെറ്റ്, അറബി)